**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ - 30.05.2009-ലെ സർക്കാർ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. **1294**/2010/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 12.04.2010.

---

പരാമർശം:- 1) മലപ്പുറം മുൻസിപ്പാലിറ്റി സെക്രട്ടറിയുടെ 20.11.2009-ലെ ജെ-2487/08 നമ്പർ കത്ത്.

2) 30.05.2009-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1275/09/ത.സ്വ.ഭ.വ.

3) 02.03.2010-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.29 നമ്പർ തീരുമാനം.

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം മലപ്പുറം മുൻസിപ്പാലിറ്റി സെക്രട്ടറി ടി നഗരസഭയുടെ 2003 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷം ഡി.പി.സി. അംഗീകാരത്തോടെ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും പെട്ട ബി.പി.എൽ. കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് നഗരസഭ ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ജല അതോറിറ്റിയുടെ കുടിവെള്ള സ്കീമുകളിൽ നിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഗാർഹിക കണക്ഷൻ എടുക്കുകയാണെങ്കിൽ ധനസഹായം അനുവദിക്കുന്നതിന് 30.05.2009-ലെ സ.ഉ.(സാധാ.) നം.1275/09/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് അനുമതി നൽകിയത്. ഈ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപും തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ മുൻകാലങ്ങളിൽ നടപ്പാക്കിയ നടപടിക്കും സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജി.അൽഫോൺസ,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും.. (നഗരകാര്യ ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ